# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാര്‍ച്ച് 22, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍– 289)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പു മന്ത്രി | 1346 മുതല്‍ 1425 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 1426 മുതല്‍ 1464 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 1465 മുതല്‍ 1553 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി | 1554 മുതല്‍ 1634 വരെ |

## വിഷന്‍ 2030 പദ്ധതി

1346 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, ബെന്നി ബെഹനാന്‍
,, വി. ഡി. സതീശന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിഷന്‍ 2030 പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(ബി) പദ്ധതിയുടെ വികസന രേഖ ആരാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) വികസന രേഖയിലുള്ള നിര്‍ദ്ദേശങ്ങള്‍ സ്വീകരിക്കുവാനും ചര്‍ച്ചയ്ക്കുള്ള അവസരം ഒരുക്കുവാനും നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി സംബന്ധിച്ച അന്തിമ രൂപം എപ്പോള്‍ തയ്യാറാകും എന്നറിയിക്കുമോ;

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പശ്ചിമഘട്ട വികസന പദ്ധതി</u>

1347

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതിയ്ക്കായി 2011–2012, 2012–2013 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2011 മെയ് മാസത്തിനുശേഷം ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; വകയിരുത്തിയ തുക ഏതു ജില്ലയിലെ ഏതു നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവർത്തികൾക്കാണെന്ന വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>മലയോരവികസന ഏജൻസി</u>

1348

### ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോരവികസന ഏജൻസി (എച്ച്.എ.ഡി.എ.) യുടെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് ;

(ബി) എച്ച്.എ.ഡി.എ. യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) 2011 –2012, 2012–2013 സാമ്പത്തിക വർഷത്തിൽ എത്ര തുക മലയോരവികസന പ്രവർത്തികൾക്കായി നീക്കി വയ്ക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(ഡി) ആയതിൽ സംസ്ഥാന വിഹിതം എത്രയെന്നും കേന്ദ്ര വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഏതെല്ലാം ജില്ലയിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്നും വ്യക്തമാക്കുമോ ;

(എഫ്) എച്ച്.എ.ഡി.എ. യുടെ പ്രവർത്തന പരിധിക്കുള്ളിൽ വരുന്ന നിയമസഭാ നിയോജകമണ്ഡലങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത മണ്ഡലങ്ങളിലെ നിയമസഭാംഗങ്ങൾക്ക് ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എച്ച്.എ.ഡി.എ. അധികൃതർ ഇതുവരെ എന്തെല്ലാം അറിയിപ്പുകൾ നൽകിയെന്ന് അറിയിക്കുമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി</u>

1349 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി മുഖേന വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>മണ്ഡൽ പഞ്ചായത്ത്</u>

1350 ശ്രീ. കെ.എൻ.എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരപരിധി പല നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്നതു കൊണ്ട് വികസനപ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ഡലങ്ങളുടെ പുനർനിർണ്ണയ സമയത്തും ഗ്രാമപഞ്ചായത്തുകളെയോ ജില്ലാ പഞ്ചായത്തുകളെയോ വിഭജിക്കാതെ നിലനിർത്തിയതുപോലെ ഓരോ മണ്ഡലവും ഓരോ ബ്ലോക്ക് പഞ്ചായത്തായി പരിവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകളെ 'മണ്ഡൽ പഞ്ചായത്ത്' എന്ന് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പേരും അധികാരപരിധിയും മണ്ഡലാടിസ്ഥാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

ബി.പി.എൽ. ലിസ്റ്റിലെ അപാകതകൾ

1351 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ, ആയതു പരിഹരിച്ചുകൊണ്ടുള്ള പുതുക്കിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനു നിഷ്ക്കർഷിച്ചിട്ടുള്ള പ്രധാനനിബന്ധനകൾ എന്തെല്ലാമാണ്;

(സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുന്നതിന് അർഹരായ എത്ര അപേക്ഷകർ അവശേഷിക്കുന്നുണ്ട്;

(ഡി) കുറ്റമറ്റ ബി.പി.എൽ. പട്ടിക തയ്യാറാക്കി അർഹരായവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതും നൽകിവരുന്നതുമായ ആനുകൂല്യങ്ങൾ നഷ്ടമാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി</u>

1352

ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പ് പദ്ധതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനെക്കുറിച്ച് പഠിക്കാന്‍ പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കില്‍ എന്തെല്ലാം പഠനവിഷയങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് സമിതിക്ക് നല്‍കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1353 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളിൽ എത്ര പേർക്ക് 100 ദിവസം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്;

(സി) 2013 ഫെബ്രുവരി 28 വരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിയിൽ ജോലി ചെയ്തവർക്ക് എത്ര മാസത്തെ വേതനമാണ് ആലപ്പുഴ ജില്ലയിൽ നൽകാനുള്ളത്, ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ കരാര്‍ ജീവനക്കാര്‍ക്ക് പെന്‍ഷന്‍ പദ്ധതി</u>

1354 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാര്‍ ജീവനക്കാരായ എഞ്ചിനീയര്‍, ഓവര്‍സിയര്‍, അക്കൗണ്ടന്റ് കം ഡാറ്റാ എന്‍ട്രി ഓപ്പറേറ്റര്‍ എന്നിവര്‍ക്ക് പങ്കാളിത്ത പെന്‍ഷന്‍ പദ്ധതി മാതൃകയില്‍ പെന്‍ഷന്‍ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സര്‍ക്കാര്‍ സ്ഥാപനങ്ങളായ സ്കൂളുകള്‍, ആശുപത്രികള്‍ അംഗന്‍വാടികള്‍ മറ്റു സ്ഥാപനങ്ങള്‍ എന്നിവിടങ്ങളില്‍ രാത്രികാല കാവലിന് തൊഴിലുറപ്പ് പദ്ധതിയില്‍ ഉള്‍പ്പെട്ടവരെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകള്‍ നടപ്പിലാക്കുന്ന കാര്‍ഷിക സര്‍വ്വേ ബോധവല്‍ക്കരണ പരിപാടികള്‍, നീര്‍ത്തട വികസനവുമായി ബന്ധപ്പെട്ട പ്രവര്‍ത്തനങ്ങള്‍ എന്നിവയില്‍ ഏര്‍പ്പെട്ടിരിക്കുന്ന ആളുകള്‍ക്ക് തൊഴിലുറപ്പ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി വേതനം നല്‍കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയില്‍ നിര്‍മ്മാണ സാമഗ്രികള്‍ ആവശ്യമുള്ള പ്രവൃത്തികള്‍ ഏറ്റെടുക്കുന്നുണ്ടോ; പ്രാഥമിക സഹകരണ സംഘങ്ങള്‍ മുഖേന നിര്‍മ്മാണ സാമഗ്രികള്‍ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി

1355 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രതിവർഷം 100 തൊഴിൽ ദിവസങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് ബി.പി.എൽ റേഷൻ കാർഡ് അനുവദിക്കുമോ;

(സി) മുതിർന്ന പൗരന്മാർ, ഗർഭിണികൾ എന്നിവർക്ക് തൊഴിലുറപ്പ് പ്രവർത്തിയിൽ ഇളവ് അനുവദിക്കുമോ;

(ഡി) കുടുംബിനികളുടെ ഗാർഹിക ജോലികൾ കൂടി പരിഗണിച്ച് തൊഴിൽ സമയം 10 മുതൽ 5 വരെയാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) തൊഴിലാളികൾക്കായി പഠന ബോധവൽക്കരണ പരിപാടികൾക്കും സന്ദർശനങ്ങൾക്കും വേണ്ടി 10 ദിവസം മാറ്റി വക്കുകയോ അധിക തൊഴിൽ ദിനം അനുവദിക്കുകയോ ചെയ്യുമോ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 ദിവസം തൊഴിൽ</u>

1356

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) 2011-12 വർഷം ഓരോ കുടുംബത്തിനും ലഭ്യമായ തൊഴിൽ ദിനങ്ങൾ എത്രയായിരുന്നു;

(സി) 2012-13 വർഷം ഇതേവരെ ലഭ്യമായ തൊഴിൽദിനങ്ങൾ എത്രയാണ്;

(ഡി) ഈ വർഷം ഇതേവരെ നൂറ് ദിവസമെങ്കിലും തൊഴിൽ ലഭിച്ച എത്ര കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ;

(ഇ) മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ പ്രസ്തുത പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയതിൽ കുറവുണ്ടായിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ അപ്രകാരം തൊഴിൽ ദിനങ്ങൾ കുറയാനുണ്ടായ സാഹചര്യവും അത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്</u>

1357 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിലുള്ള ഇൻഷ്വറൻസാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) 2012-13-ൽ തൊഴിലുറപ്പ് ജോലിക്കിടെ എത്ര തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചു; ജില്ല തിരിച്ച് വിശദാംശം നൽകാമോ:

(സി) അപകട മരണം സംഭവിച്ച തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് യഥാസമയം ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഓരോ ജില്ലയിലും എത്രപേർക്ക് ഇപ്രകാരം ഇൻഷ്വറൻസ് തുക വിതരണം ചെയ്തു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ നൽകിയ ദിനങ്ങൾ</u>

1358 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ശതമാനം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നടപ്പ് സാമ്പത്തിക വർഷം 100 ദിവസം തൊഴിൽ നൽകി എന്ന് വ്യക്തമാക്കാമോ; 100 ദിവസം തൊഴിൽ ലഭിച്ചവരുടെയും അതിൽ കുറവ് തൊഴിൽ ലഭിച്ചവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തൊഴിലുറപ്പ് പദ്ധതിപ്രകാരം ജോലി ആവശ്യപ്പെട്ട് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ ഒരു ദിവസം പോലും ജോലി ലഭിക്കാത്ത എത്ര പേർക്ക് തൊഴിൽ രഹിത വേതനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ എത്ര തുക നൽകി എന്നതിന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

**തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക് യൂണിഫോം**

1359 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് യൂണിഫോം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

(ബി) മഴക്കാലത്ത് തൊഴിലുറപ്പ് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മഴക്കോട്ട് സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്താൻ നടപടി

1360 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്തുമെന്നു പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ, ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ?

(ബി) തൊഴിലുറപ്പുപദ്ധതിയിലുൾപ്പെട്ട തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) 2011 ജൂൺ മുതൽ 2013 ജനുവരി വരെ സംസ്ഥാനത്ത് തൊഴിലുറപ്പുപദ്ധതിയിൽ എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു; വേതനമിനത്തിൽ എത്ര തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ;

(ഡി) തൊഴിലുറപ്പുപദ്ധതിയിലെ തൊഴിലാളികൾക്കു ക്ഷേമനിധി രൂപീകരിക്കാനും, പെൻഷൻ നൽകാനുമുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ;

(ഇ) തൊഴിലുറപ്പുപദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും രാജീവ് ഗാന്ധി സേവാകേന്ദ്രം സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായെന്നു വ്യക്തമാക്കുമോ; എത്ര പഞ്ചായത്തുകളിൽ ഇതിനകം പ്രസ്തുതകേന്ദ്രങ്ങൾ നിർമ്മിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകർ</u>

1361

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തും എന്ന സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപനത്തിന് കേന്ദ്ര ഗവൺ മെന്റിന്റെ അംഗീകാരം ലഭിച്ചുവോ;

(ബി) പ്രസ്തുത പ്രഖ്യാപനം പ്രാബല്യത്തിൽ വരുത്താൻ എന്താണ് കാലതാമസം എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുപ്പു പദ്ധതിയുടെ വയനാട് ജില്ല യിലെ പ്രവർത്തന പുരോഗതി</u>

1362 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ വയനാട് ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ ബ്ലോക്ക്തല വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പു വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ പഞ്ചായത്ത്തല വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ ജീവനദൗത്യം വഴി സൂക്ഷ്മ സംരംഭങ്ങള്‍</u>

1363

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഗ്രാമീണ ജീവനദൗത്യം വഴി സൂക്ഷ്മ സംരംഭങ്ങള്‍ ആരംഭിക്കുന്നതിന് സംസ്ഥാന വിഹിതമായി 2012-13 വര്‍ഷം വകയിരുത്തിയ 10 കോടി രൂപ ഉള്‍പ്പെടെ എത്ര തുക വകയിരുത്തിയിരുന്നു ;

(ബി) സംസ്ഥാന വിഹിതത്തില്‍ നിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) പ്രസ്തുത പരിപാടിക്കായി തിരുവനന്തപുരം ജില്ലയ്ക്കായി സംസ്ഥാനവിഹിതം ഉള്‍പ്പെടെ എത്ര തുക നീക്കിവച്ചുവെന്നും അതില്‍ ഓരോ വിഹിതത്തില്‍ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും ഈ വര്‍ഷം പ്രസ്തുത പരിപാടിയുടെ ഭാഗമായി എത്ര സംരംഭങ്ങള്‍ ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ഇന്ദിര ആവാസ് യോജന</u>

1364 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന ആരംഭിച്ചത് എന്നാണെന്നും ഓരോ വിഭാഗത്തിനും എത്ര ധനസഹായമാണ് നൽകിയിരുന്നതെന്നും അറിയിക്കാമോ ; ഇതിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ വരുത്തിയ ധനസഹായ വർദ്ധനവിന് ശേഷം ഓരോ വിഭാഗത്തിനും എത്രയാണ് സഹായമെന്നും ഇതിൽ വിവിധ വിഭാഗങ്ങളിൽ നിന്നും ഉള്ള വിഹിതം എത്ര വീതമെന്ന് അറിയിക്കാമോ ;

(സി) വർദ്ധിപ്പിച്ച തോതിലുള്ള ധനസഹായം എത്ര പേർക്ക് നൽകിയെന്നും മുകളിൽ പറഞ്ഞ ഓരോ വിഭാഗവും അവരവരുടെ വിഹിതം പൂർണ്ണമായി നൽകിയിട്ടുണ്ടോ യെന്നും അറിയിക്കാമോ ;

(ഡി) വർദ്ധനവിന് മുമ്പ് വീടുകൾ അനുവദിക്കുകയും എന്നാൽ ധനസഹായം പൂർണ്ണമായും കൈപ്പറ്റാതിരിക്കുകയും പണിപൂർത്തിയാകാതിരിക്കുകയും ചെയ്തവർക്ക് പുതിയ വർദ്ധനവ് ബാധകമാക്കുമോ ; ഇല്ലെങ്കിൽ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

പി. എം. ജി. എസ്.വൈ പ്രകാരം അനുവദിച്ച റോഡുകൾ

1365

ശ്രീ. വർക്കല കഹാർ
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്.വൈ യിൽ സംസ്ഥാനത്തിന് അനുവദിച്ച റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഇതിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി റിപ്പോർട്ട് എന്നാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ പ്രകാരം നിര്‍മ്മിക്കുന്ന റോഡുകള്‍</u>

1366 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 സാമ്പത്തിക വര്‍ഷത്തില്‍ പി. എം. ജി. എസ്.വൈ പ്രകാരം നിര്‍മ്മിക്കുവാന്‍ ഉദ്ദേശിച്ചിരുന്നത് എത്ര കിലോമീറ്റര്‍ റോഡാണ്;

(ബി) ഉദ്ദേശിച്ചിരുന്നതില്‍ എത്ര കിലോമീറ്റര്‍ റോഡ് പണി പൂര്‍ത്തിയായി;

(സി) 2012-13 സാമ്പത്തിക വര്‍ഷം എത്ര കിലോമീറ്റര്‍ റോഡ് പണിയുന്നതിന് അനുമതി നല്‍കി;

(ഡി) ഈയിനത്തില്‍ എന്ത് തുക ചെലവഴിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; അതില്‍ എത്ര തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പ്രകാരമുള്ള റോഡുകളുടെ നിർമ്മാണ പുരോഗതി</u>

1367 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രധാന മന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ഓരോ റോഡിനും എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി സേവാ കേന്ദ്രം</u>

1368 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ രാജീവ്ഗാന്ധി സേവാ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, സംസ്ഥാനത്ത് എവിടെയെല്ലാം ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന വിവരം നൽകുമോ;

(സി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന പുരോഗതിയും വിശദീകരിക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## ഇന്ദിര ആവാസ് പദ്ധതി

1369 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദരിദ്രർക്ക് വീട് നൽകുന്ന ഇന്ദിര ആവാസ് യോജന സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചു നൽകാനാണുദ്ദേശിച്ചത്; ഇതിനായി ലഭിച്ച കേന്ദ്ര സഹായം എത്ര ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്ന വീടുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി ഏതു വകുപ്പിന്റെ ചുമതലയിലാണ് നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ യുടെ ഭൗതികലക്ഷ്യം</u>

1370

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ലെ സാമ്പത്തിക വർഷത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം സാമ്പത്തിക ലക്ഷ്യം എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) 2012-2013-ലെ പി.എം.ജി.എസ്.വൈ പദ്ധതിയുടെ ഭൗതിക ലക്ഷ്യം എത്രയെന്നു വ്യക്തമാക്കുമോ;

(സി) നാളിതുവരെ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ എത്ര തുകയ്ക്കുളള എത്ര കിലോമീറ്റർ റോഡിന് ഭരണാനുമതി നൽകിയെന്നു വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി അംഗീകാരം നൽകിയ നിർമ്മാണ പ്രവർത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവർത്തിക്കും എത്ര തുകയുടെ ഭരണാനുമതിയാണു നൽകിയതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ പി.എം.ജി.എസ്.വൈ</u>

1371

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കേന്ദ്രാനുമതി ലഭിച്ച് പ്രവൃത്തി തുടങ്ങിയ എത്ര കിലോമീറ്റർ റോഡുകളാണ് നിലവിലുളളത്;

(ബി) ഏഴാം ഘട്ടം വരെ അനുമതിലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടും പണി തുടങ്ങാത്ത എത്ര റോഡുകൾ ആണ് നിലവിലുളളത്; ഇതിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം റോഡുകൾ; എത്ര കിലോമീറ്റർ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാത്തതിന് കാരണം എന്തെന്ന് വ്യക്തമാക്കാമോ; ആയത് ഏറ്റെടുപ്പിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ;

(ഡി) പി.എം.ജി.എസ്.വൈ പദ്ധതിയുടെ 8–ാം ഘട്ടത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിയുടെ 8–ാം ഘട്ടത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിന്നും ഏതെല്ലാം റോഡുകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്; ഓരോന്നും ഏതെല്ലാം ഘട്ടത്തിൽ ആണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പണി മുടങ്ങിക്കിടക്കുന്ന റോഡുകൾക്ക്</u>
<u>പി.ഡബ്ല്യു.ഡി. റേറ്റ് നൽകാൻ നടപടി</u>

1372

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പണി മുടങ്ങിക്കിടക്കുന്ന റോഡുകൾക്ക് 2012 ലെ പി.ഡബ്ല്യു.ഡി. റേറ്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം റോഡുകൾക്ക് പുതുക്കിയ നിരക്കിന്റെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നിട്ടൂർ മലയാടപ്പൊയിൽ റോഡു നിർമ്മാണം</u>

1373 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ നിട്ടൂർ-മലയാടപ്പൊയിൽ റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് എത്ര തുക കൂടി വേണ്ടിവരുമെന്നും എന്തെല്ലാം പ്രവൃത്തികൾ കൂടി നടത്തേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം</u>

1374

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പുതുതായി നിലവിൽ വന്ന കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>12-ാം പഞ്ചവൽസര പദ്ധതി</u>

1375 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വർഷമായ 2012-13 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമായി സംസ്ഥാന സർക്കാർ എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ 2013 ഫെബ്രുവരി 28 വരെ എത്ര തുക ചെലവഴിച്ചു; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷം എത്ര തുകയുടെ വാർഷിക പദ്ധതികൾക്കാണ് ആസൂത്രണബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്; ആയത് മുൻ വർഷത്തെക്കാൾ എത്ര ശതമാനം കൂടുതൽ; ഓരോ വകുപ്പിനും നൽകിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ഏതൊക്കെ മേഖലകൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്വകാര്യവൽകരണ നടപടികൾക്ക് ആക്കം കൂട്ടുന്ന ഏതൊക്കെ നടപടികൾക്കാണ് ആസൂത്രണബോർഡ് 2013-14 വാർഷിക പദ്ധതിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

12-ാം പഞ്ചവത്സരപദ്ധതിയിൽ അംഗീകരിക്കപ്പെട്ട പദ്ധതികൾ

1376 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ അംഗീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുളളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

2012 -13 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

1377 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക എത്ര;

(ബി) ആയതിൽ 2013 ഫെബ്രുവരി 28 വരെ എത്ര തുക ചെലവഴിച്ചു;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പുവർഷം ചെലവഴിക്കേണ്ട തുകയിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കാൻ ബാക്കിയുള്ള തുക എത്ര; ലഭിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രം അനുവദിച്ചതിൽ ദേശീയ തൊഴിലുറപ്പു പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാന മന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്കായി ഉപയോഗിക്കേണ്ട തുകയിൽ എത്ര തുക 2013 ഫെബ്രുവരി 28 വരെ ചെലവഴിച്ചു;വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ കേന്ദ്ര ഫണ്ട് അനുവദിക്കുന്നത് യഥാസമയം ചെലവാകാതിരിക്കുന്നതിനാൽ സഹായങ്ങൾ ഇല്ലാതാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എഫ്) കേന്ദ്ര സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും കേന്ദ്രാവിഷ്കരണ പദ്ധതികളുടെ എണ്ണവും തുകയും വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സര്‍ക്കാരിന്റെ പദ്ധതി വകയിരുത്തലും പദ്ധതി നിര്‍വ്വഹണവും</u>

1378 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് 2012-13 ല്‍ വകയിരുത്തിയ പദ്ധതി വിഹിതം എത്ര; പ്രസ്തുത തുക ബജറ്റിന്റെ എത്ര ശതമാനം; എന്തു തുക ചെലവഴിച്ചു; പ്രസ്തുത തുക വകയിരുത്തിയതിന്റെ എത്ര ശതമാനമാണ്;

(ബി) വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന സമിതി വികസന കൗണ്‍സില്‍, സര്‍ക്കാറിന്റെ പദ്ധതി വകയിരുത്തലും പദ്ധതി നിര്‍വ്വഹണവും വിശകലനം ചെയ്യുകയുണ്ടയോന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കൗണ്‍സിലിലെ ചര്‍ച്ചയും നിര്‍ദേശങ്ങളും എന്തെല്ലാം?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്</u>

1379

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഫെബ്രുവരി 28 വരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ് എത്ര ശതമാനമാണെന്ന് വിശദമാക്കുമോ ;

(ബി) 2012 –13 കാലയളവിൽ ചെലവഴിക്കാനാകാത്ത തുക അടുത്തവർഷത്തേക്ക് മാറ്റുന്നതിന് അനുമതി നൽകുമോ ;

(സി) 2013–2014 വർഷത്തേക്കുള്ള പദ്ധതി സമർപ്പണം തുടങ്ങിയിട്ടുണ്ടോ ;

(ഡി) എത്ര പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ബി.പി.എൽ പട്ടിക</u>

1380 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങളാണ് ബി.പി.എൽ പട്ടികയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കുടുംബങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തിയെന്നും എത്ര കുടുംബങ്ങളെ പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവർക്കുള്ള ആനുകൂല്യങ്ങൾ</u>

T. 1381 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ്മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ളവർക്ക് ഇപ്പോൾ നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെയും ഇളവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതുവരെ പ്രസ്തുത ആവശ്യമുന്നയിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടാത്തവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പാൽ ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

1382 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പാൽ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിമാസം സംസ്ഥാനത്തെ ഉപയോഗത്തിനായി ആവശ്യംവേണ്ട പാൽ എത്ര ലിറ്ററാണ്;

(സി) പാലിന്റെ ആഭ്യന്തര ഉൽപാദനവും ഉപയോഗവും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച കഴിഞ്ഞ പത്തുവർഷത്തെ കണക്ക് ലഭ്യമാക്കുമോ;

(ഡി) എത്ര ലിറ്റർ പാലാണ് മറ്റു സംസ്ഥാനത്തു നിന്നും എത്തിക്കുന്നത്?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീര കർഷകരുടെ ക്ഷേമത്തിനുമായി നടപടികൾ</u>

1383 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീര കർഷകരുടെ ക്ഷേമത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പാൽ ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത</u>

1384 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലാണ് ആവശ്യമായിട്ടുള്ളത്;

(ബി) പ്രതിദിന പാൽ ഉൽപ്പാദനം എത്ര ലിറ്ററാണ്;

(സി) പാൽ ഉല്പാദനരംഗത്ത് സ്വയംപര്യാപ്തതയ്ക്കായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ക്ഷീര സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക് കളക്ഷൻ സെന്ററുകൾ</u>

1385

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക് കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) സംഘങ്ങളിലെ പാൽ സംഭരണം എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ലക്ഷ്യമിട്ടിട്ടുളളത്;

(ഡി) എത്ര സംഘങ്ങളിൽ ഇവ സ്ഥാപിച്ചിട്ടുണ്ട്;

(ഇ) എല്ലാ സംഘങ്ങളിലും ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**22.03.2013-ലെ മറുപടിക്ക്**

<u>തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിക്കുന്ന നടപടി</u>

1386 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ക്ഷീര സഹകരണ സംഘങ്ങളാണ് തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിക്കുന്നതെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ സംഭരിക്കുന്ന പാൽ മിൽമയ്ക്ക് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സംഭരിക്കുന്ന പാലിനുള്ള വില വ്യാജക്ഷീരകർഷകരുടെ പേരിൽ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുറഞ്ഞ വിലക്ക് പാൽ സംഭരിച്ച് കൂടിയ വിലയ്ക്ക് മിൽമയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പാൽ</u>

1387 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്നും ദിനംപ്രതി എത്ര ലിറ്റർ പാൽ എത്തുന്നുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) തമിഴ്നാട്ടിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ അത് എത്ര ലിറ്റർ പാൽ ആണെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലേക്കാണ് ഇത്തരത്തിൽ പാൽ എത്തുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) തമിഴ്നാട്ടിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) പാലിന്റെ ഗുണമേന്മപരിശോധിക്കുന്നതിനുള്ള മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കാലിത്തീറ്റയുടെ വില കുറയ്ക്കാൻ നടപടി</u>

1388

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വില അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലവർദ്ധന കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വിശ്വമലയാള മഹോത്സവം</u>

1389 ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടന്ന വിശ്വമലയാള മഹോത്സവത്തിന് സർക്കാർ എന്ത് തുകയാണ് ചെലവഴിച്ചത്;

(ബി) ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വിശ്വമലയാളസമ്മേളനത്തിനു ക്ഷണിച്ച സാഹിത്യകാരന്മാർക്ക് പ്രതിഫലം</u>

1390 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വമലയാളസമ്മേളനത്തിനു ക്ഷണിച്ചുകൊണ്ടുവന്ന സാഹിത്യ കാരന്മാർക്ക് പ്രതിഫലവും യാത്രപ്പടിയും നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ, ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ആർക്കൊക്കെ, എന്ത് തുക വീതം നൽകി; പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി</u>

1391 ശ്രീ. വർക്കല കഹാർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇത്കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മലയാള ഭാഷയുടെ വികസനത്തിനും ഗവേഷണത്തിനുമായി എന്തെല്ലാം ധനസഹായങ്ങളാണ് ഇത് മൂലം സംസ്ഥാനത്തിന് ലഭിക്കുന്നത്: വിശദമാക്കുമോ;

(ഡി) മലയാള ഭാഷയ്ക്കായി ഏതെല്ലാം കേന്ദ്രങ്ങളാണ് ദേശീയ
തലത്തിൽ സ്ഥാപിക്കപ്പെടുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി</u>

1392 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി നൽകിയ കേന്ദ്രസർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>അശ്ലീലച്ചുവയുള്ള പരസ്യങ്ങൾക്കും സഭ്യമല്ലാത്ത വാർത്തകൾക്കും നിയന്ത്രണം</u>

1393 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. വി. ചാനലുകളിലെ റിയാലിറ്റിഷോകൾക്കും അശ്ലീലചുവയുള്ള പരസ്യങ്ങൾക്കും സഭ്യമല്ലാത്ത വാർത്തകൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടു സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടികളെ നിയമം വഴി നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>സാഹിത്യ അക്കാദമിയുടെ ''സാഹിത്യലോകം'' എന്ന പ്രസിദ്ധീകരണം</u>

1394

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമിയുടെ കൃതിയായ ''സാഹിത്യലോകം'' പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസിദ്ധീകരിക്കപ്പെടുന്നില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

കൊച്ചി ബിനാലെയിലെ സാമ്പത്തിക ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് അന്വേഷണം

1395 ശ്രീ.കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ കൊച്ചി ബിനാലയിലെ സാമ്പത്തിക ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് ധനകാര്യവകുപ്പ് ഇതിനെ സംബന്ധിച്ച് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണ്;

(ഡി) ആർക്കെല്ലാമെതിരെയാണ് വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കലാകാര പെൻഷൻ പദ്ധതി</u>

1396 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ പദ്ധതിയിൽ എത്ര അംഗങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് പ്രസ്തുത പെൻഷൻ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പെൻഷന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുളളത്;

(ഡി) പ്രതിമാസ പെൻഷൻ തുക ഇപ്പോൾ എത്രയാണെന്നും പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കലാകാരന്മാർക്കുള്ള പെൻഷൻ</u>

T 1397 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാകാരന്മാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള പെൻഷൻ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ചികിൽസയുൾപ്പെടെ ഒട്ടേറെ ജീവിതച്ചെലവുകൾ ഉള്ള ഈ വിഭാഗത്തിന് പ്രസ്തുത തുക പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കലാകാരന്മാർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കലാകാര പെൻഷൻ</u>

1398 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷനുവേണ്ടി കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ശ്രീ. വേലായുധൻ നായർ സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ എ3/5025/2012 നമ്പർ ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ സാംസ്കാരിക വകുപ്പിൽ ഏത് സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്; ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത പെൻഷൻ അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ എന്നേക്ക് തീരുമാനം കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് കലാകാര പെൻഷൻ അനുവദിച്ചു; എത്ര രൂപയാണ് പ്രതിമാസ പെൻഷൻ തുകയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാദമിയായി മാറ്റാൻ നടപടി</u>

T 1399 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിളകലാ അക്കാദമിയായി മാറ്റുന്നതിന്റെ പ്രാരംഭചെലവുകൾക്കായി 20 ലക്ഷം രൂപ ബജറ്റ് ചർച്ചക്കുള്ള മറുപടിയിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും പ്രസ്തുത തുക ഇതുവരെ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാദമിയായി മാറ്റിയുള്ള ഉത്തരവ് ഇതുവരെ പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് നൽകുന്ന വാർഷികഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>രാജാരവിവര്‍മ്മ സ്മാരക നിര്‍മ്മാണം</u>

1400 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാജാരവിവര്‍മ്മ സ്മാരക നിര്‍മ്മാണത്തിനായി ലളിത കലാ അക്കാദമി ഇത് വരെ എന്തു തുക ചെവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയില്‍ എന്തെല്ലാം കാര്യങ്ങളാണ് ഉള്‍പ്പെടുത്തിയിട്ടുള്ളത്;

(സി) 2013-14 വര്‍ഷത്തെ പദ്ധതിയില്‍ പ്രസ്തുത പദ്ധതി ഉള്‍പ്പെടുത്തിയിട്ടുണ്ടോ;

(ഡി) കേന്ദ്ര സഹായത്തിനായി നല്‍കിയിരുന്ന അപേക്ഷയിന്മേല്‍ ഇതുവരെ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>'ട്രാംവെ റെയിൽ പൈതൃക മ്യൂസിയം'</u>

1401 ശ്രീ.ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി കേന്ദ്രമായി 'ട്രാംവെ റെയിൽ പൈതൃക മ്യൂസിയം' സ്ഥാപിക്കുന്നതിനായി പടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

കുഴൂർ നാരായണമാരാരുടെ പേരിൽ അവാർഡ്

1402 ശ്രീ. ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ പേരിൽ വാദ്യകലാരംഗത്തെ കലാകാരന്മാർക്കായി ഒരു അവാർഡ് ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി ഒരു വാദ്യകലാകേന്ദ്രം കൊരട്ടിയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

ഒ. വി. വിജയന്റെ പ്രതിമ വികൃതമാക്കിയ സംഭവം

1403 ശ്രീ. എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണന്‍
,, പുരുഷന്‍ കടലുണ്ടി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒ. വി. വിജയന്‍ പഠിച്ചിരുന്ന കോട്ടക്കലിലെ രാജാസ് ഹൈസ്കൂള്‍ മുറ്റത്ത് 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിനെ പശ്ചാത്തലമാക്കി നിര്‍മ്മിച്ച ഒ. വി. വിജയന്റെ അര്‍ദ്ധകായ പ്രതിമയോടുകൂടിയ സ്മൃതിവനത്തിന്റെ ഉദ്ഘാടനം നടക്കാത്തതും ശില്പം വികൃതമാക്കപ്പെട്ടതും സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സാംസ്കാരിക കേരളത്തിന് തന്നെ അപമാനകരമായ പ്രസ്തുത സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയോ; സാംസ്കാരിക വകുപ്പ് പ്രസ്തുത സംഭവത്തിന്‍മേല്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ഒ. വി. വിജയന്റെ പ്രതിമ</u>

1404

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോട്ടയ്ക്കല്‍ രാജാസ് ഹയര്‍സെക്കണ്ടറി സ്കൂളില്‍ പ്രമുഖ സാഹിത്യകാരന്‍ ഒ. വി. വിജയന്റെ പ്രതിമ സ്ഥാപിച്ചതു സംബന്ധിച്ച വിവാദങ്ങളും, തുടര്‍ന്ന് ഉല്‍ഘാടനത്തിന് മുന്‍പേ അത് നശിപ്പിച്ച സംഭവവും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മഹാന്‍മാരായ സാഹിത്യകാരന്‍മാരുടെ മരണശേഷം അവരെ അവഹേളിക്കുന്ന ഇത്തരം പ്രവണതകള്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ഒ. വി. വിജയന്റെ പ്രതിമ തകർത്ത സംഭവം</u>

1405 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒ. വി. വിജയന്റെ പ്രതിമ തകർത്തതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇതു സംബന്ധിച്ച അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികൾക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതിന് സാംസ്ക്കാരികവകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

സംഗീത സംവിധാനകൻ രവീന്ദ്രന് സ്മാരകം

1406 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത ചലച്ചിത്ര സംഗീത സംവിധായകനായ രവീന്ദ്രന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ജന്മനാടായ കുളത്തൂപ്പുഴയിൽ നിർമ്മാണം ആരംഭിച്ച രാഗസരോവരം എന്ന സ്മൃതി മണ്ഡപത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാംസ്കാരിക വകുപ്പ് എത്ര ലക്ഷം രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) 2009–ൽ നിർമ്മാണം ആരംഭിച്ച പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം മുടങ്ങിയതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സി-ഡിറ്റി ലെ നിയമനം</u>

1407

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സി-ഡിറ്റിൽ അടുത്തിടെ ചില തസ്തികകളിൽ നിയമനം നടത്തുന്നതിന് ഓൺലൈൻ വഴി അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(സി) ആയതിൽ സാങ്കേതിക വിഭാഗം തസ്തികകൾ ഏതെല്ലാമാണ്; സാങ്കേതിക വിഭാഗം തസ്തികകളിൽ സർക്കാരിന്റെ റിക്രൂട്ടിങ്ങ് ഏജൻസി വഴി നിയമനം നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) സി-ഡിറ്റിലെ നിലവിൽ അപേക്ഷ ക്ഷണിച്ചിട്ടുളള ഒഴിവുകളിലേക്ക് നിയമനം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സി. - ഡിറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമനം</u>

1408 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സി-ഡിറ്റിൽ എത്ര പേർക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്;

(ബി) ഇവരുടെ പേരും അഡ്രസ്സും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

പി.ആർ.ഡി വഴി നല്കിയ പരസ്യങ്ങൾക്ക് ചെലവായ തുക

1409 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ പി.ആർ.ഡി വഴിയും അല്ലാതെയും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നല്കിയ എല്ലാ ഇനം പരസ്യങ്ങൾക്കുമായി എന്തു തുകയുടെ ബാധ്യത ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) ഈ ഇനത്തിൽ എല്ലാ ഇനം മാധ്യമങ്ങൾക്കും കൂടി ഈ സർക്കാരിന്റെ കാലത്ത് ഇതിനകം കൊടുത്ത തുക എത്ര; കൊടുത്തു തീർക്കാൻ അവശേഷിക്കുന്ന തുക എത്ര; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>പരസ്യനിരക്ക് പരിഷ്ക്കരണം</u>

1410 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിനകത്തും പുറത്തും പ്രസിദ്ധീകരിക്കുന്ന എത്ര പ്രസിദ്ധീകരണങ്ങളാണ് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുളളത് ;

(ബി) രജിസ്റ്റർ ചെയ്തിട്ടുള്ള ദിനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ പേരു വിവരം വെളിപ്പെടുത്താമോ ;

(സി) മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ പ്രസിദ്ധീകരണങ്ങൾക്കും വകുപ്പ് നിശ്ചയിച്ചിട്ടുള്ള പരസ്യനിരക്ക് വെളിപ്പെടുത്താമോ ;

(ഡി) ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ദിനപത്രങ്ങളുടെയും പരസ്യനിരക്ക് കാലോചിതമായി പരിഷ്ക്കരിക്കുവാൻ നിർദ്ദേശം നൽകുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>ഐ. ആൻഡ് പി.ആർ.ഡി. ലഘുലേഖകൾ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശം</u>

1411 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ. ആൻഡ് പി.ആർ.ഡി. എത്ര ലഘുലേഖകൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചു; അവ ഏതെല്ലാം; വിശദാംശം അറിയിക്കുമോ;

(ബി) ലഘുലേഖകൾ അച്ചടിച്ച ഇനത്തിൽ എന്തു തുക ചെലവഴിക്കേണ്ടിവന്നു; വിശദമാക്കുമോ;

(സി) പ്രസിദ്ധീകരിക്കപ്പെട്ട ലഘുലേഖകളിൽ ഭരണനേട്ടങ്ങൾ വിവരിക്കുന്നവ എത്രയെന്നറിയിക്കുമോ; ആയതിന് എന്തു ചെലവു വന്നു; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പ്രവാസി ഭാരതീയ ദിവസ് പരിപാടി</u>

1412 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന പ്രവാസി ഭാരതീയ ദിവസ് പരിപാടിയിൽ പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട് എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്തത്; വിശദമാക്കുമോ;

(ബി) ഇതിൽ എന്തെല്ലാം നിർദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(സി) പ്രവാസി ഭാരതീയ ദിവസ് പരിപാടിയുടെ സംഘാടനത്തിന്നായി സർക്കാർ എന്തു തുക ചിലവഴിച്ചു; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ</u>

1413

ശ്രീ. വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഒരു സമഗ്ര പാക്കേജ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്വയം തൊഴിൽ പദ്ധതിക്ക് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഈ പാക്കേജ് 12–ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

സാന്ത്വന പദ്ധതി

1414 ശ്രീ. എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രവാസി മലയാളികൾക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് സ്വദേശത്ത് സുരക്ഷിതത്വം</u>

1415 ശ്രീ.റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ പ്രവാസ ജീവിതം നയിക്കുന്ന ആളുകളുടെ കുടുംബാംഗങ്ങൾക്ക് സ്വദേശത്ത് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് സ്വൈര ജീവിതത്തിൽ തടസ്സം നേരിടുമ്പോൾ എപ്രകാരമുള്ള സഹായഹസ്തമാണ് പ്രവാസികാര്യ വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ;

(സി) സ്വദേശത്ത് കുടുംബാംഗങ്ങൾക്ക് സുരക്ഷാ ഭീഷണി നേരിടുന്നതുമായി ബന്ധപ്പെട്ട് എംബസികൾ മുഖേന നോർക്ക വകുപ്പിന് ലഭിക്കുന്ന പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം 2013 ഫെബ്രുവരി മുതൽ ഇതുവരെ ലഭിച്ചിട്ടുള്ള പരാതികളിൽ എത്രയെണ്ണത്തിൽ ഇനിയും നടപടി സ്വീകരിക്കാനുണ്ട്; വിശദാംശങ്ങൾ നല്കുമോ;

(ഇ) പ്രവാസികളുടെ കുടുംബാംഗങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് 'നോർക്കയ്ക്ക്' ലഭിക്കുന്ന പരാതികൾക്ക് അർഹിക്കുന്ന ഗൗരവം നൽകി നീതി നടപ്പാക്കാൻ അടിയന്തിര നടപടി സീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>വിദേശമലയാളികളുടെ യാത്രാബുദ്ധിമുട്ട്</u>

1416 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എം. ഷാജി
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശമലയാളികൾക്ക് വേനലവധിക്കാലത്ത് നാട്ടിൽ വന്നു പോകാൻ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൾഫ് മേഖലയിൽ നിന്നുള്ള യാത്രക്കാർക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പു വരുത്തുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിമാനകമ്പനികൾ അവധിക്കാലത്ത് യാത്രാ നിരക്കുകളിൽ വരുത്തുന്ന അമിത വർദ്ധനയ്ക്ക് പരിഹാരം കണ്ടെത്താനായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പ്രവാസി പുനരധിവാസ പദ്ധതി</u>

1417 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസിപുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(ബി) പ്രവാസി ക്ഷേമ ബോർഡ് പുന:സംഘടിപ്പിച്ചത് എന്നാണ്; പ്രസ്തുത പുന:സംഘടനാ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ വിശദാംശം</u>

1418 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(ബി) ഓരോ വിദേശ രാജ്യത്തും ജോലി ചെയ്യുന്ന മലയാളികളുടെ കണക്ക് വ്യക്തമാക്കാമോ;

(സി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾക്കായി കേരള സർക്കാർ എന്തെല്ലാം സേവനങ്ങൾ ഒരുക്കിയിട്ടുണ്ട്;

(ഡി) പ്രവാസി മലയാളികൾക്കായുള്ള നിയമം എന്നാണ് കേരള നിയമസഭ പാസാക്കിയത്;

(ഇ) ഈ നിയമത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിയമഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) സോമാലിയയിലെ കടൽ കൊള്ളക്കാർ മലയാളികളെ തടവിലാക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; തടവിലായവർ ആരെല്ലാം; വ്യക്തമാക്കാമോ;

(ജി) ഇവരെ മോചിപ്പിക്കുവാൻ നടത്തിയ പരിശ്രമങ്ങൾ വിശദീകരിക്കാമോ;മോചിപ്പിക്കുന്നതിനായുള്ള ഉപാധികൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ;

(എച്ച്) ഇത്തരം സംഭവങ്ങളിൽ മോചിപ്പിക്കുവാൻ എടുത്ത കാലതാമസം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ മേലിൽ അത്തരം കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>പ്രവാസികളുടെ പുനരധിവാസം, ചികിത്സ, ഇൻഷ്വറൻസ് പദ്ധതികൾ</u>

1419 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വിദേശ രാജ്യങ്ങളിൽ എത്ര കേരളീയർ ജോലി ചെയ്ത് വരുന്നുണ്ട്; ആയതു വഴി പ്രതിവർഷം ശരാശരി എത്ര കോടി രൂപ കേരളത്തിലേക്ക് അയയ്ക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പുനരധിവാസത്തിന് ക്രീയാത്മകമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(സി) പ്രവാസികളുടെ ചികിത്സയ്ക്ക് നിലവിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ഡി) പ്രവാസി മലയാളികൾക്ക് അപകട ഇൻഷ്വറൻസും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം പ്രവാസി മലയാളികൾക്കാണ് അപകട ഇൻഷ്വറൻസ് പദ്ധതി മുഖേന പ്രയോജനം ലഭിക്കുന്നത്; ഏത് ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ഗള്‍ഫ് നാടുകളിലെ മലയാളി സ്ത്രീകള്‍</u>

1420 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗള്‍ഫ് രാജ്യങ്ങളില്‍ ജോലിചെയ്യുന്ന മലയാളി സ്ത്രീകളെ സംബന്ധിച്ച് വിശദമായ വിവര ശേഖരണം നടത്തുന്ന കാര്യം സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) ഗള്‍ഫ് രാജ്യങ്ങളില്‍ ജോലിചെയ്യുന്ന മലയാളി സ്ത്രീകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ നോർക്കയുടെ ജില്ലാ ആസ്ഥാനം</u>

1421

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മലപ്പുറം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ പ്രവാസികൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രവാസി ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനായി നോർക്കയുടെ ജില്ലാ ആസ്ഥാന കാര്യാലയം തുടങ്ങുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജില്ലാ ആസ്ഥാനത്തിനായി സിവിൽ സ്റ്റേഷൻ പരിസരത്ത് സ്ഥലം ലഭ്യമാക്കാമെന്ന് ജില്ലാ അധികൃതർ ഉറപ്പു നൽകിയ കാര്യം അറിയാമോ;

(ഡി) മലപ്പുറത്ത് നോർക്കയുടെ ഓഫീസ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പ്രവാസികൾ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നതിന്റെ വിശദാംശം</u>

1422 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രവാസികൾ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇത് ആരെല്ലാമാണ്; ഏതെല്ലാം രാജ്യങ്ങളിലാണ്; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസികൾക്ക് നിയമസഹായം</u>

1423 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസികൾക്ക് നിയമസഹായം ലഭ്യമാക്കുമെന്നും ഇതിന് വേണ്ടുന്ന ചിലവ് സർക്കാർ വഹിക്കുമെന്നും തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ജയിലുകളിൽ കഴിയുന്ന എത്ര പ്രവാസികൾക്ക് നിയമസഹായം ലഭ്യമാക്കിയിട്ടുണ്ട് ; ഇതിനുവേണ്ടി എന്തു തുക ചിലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് ആർക്കെല്ലാമാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

ശ്രീലങ്കൻ ജയിലിൽ നിന്നുള്ള മലയാളി തടവുകാരെ കേരളത്തിലെ ജയിലുകളിലേക്ക് മാറ്റാൻ നടപടി

1424 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കൻ ജയിലിൽ നിന്നുള്ള മലയാളി തടവുകാരെ കേരളത്തിലെ ജയിലുകളിലേക്ക് മാറ്റാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ബി) എത്ര തടവുകാരെയാണ് കേരളത്തിലേയ്ക്ക് കൊണ്ടുവന്നത്; ഇനി എത്ര മലയാളി തടവുകാരാണ് ശ്രീലങ്കയിലെ ജയിലുകളിൽ അവശേഷിക്കുന്നത്;

(സി) പാലക്കാട് ജില്ലയിൽ ആലത്തൂർ, അഞ്ചുമൂർത്തിമംഗലം നോർത്ത് വില്ലേജിൽ എം. ആർ. രാജാമണി അയ്യരുടെ മകൻ ഷണ്മുഖ സുന്ദരം എന്നയാൾ ശ്രീലങ്കൻ ജിയിലിലുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അദ്ദേഹത്തെ കേരളത്തിലെ ജയിലിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നോർക്ക റൂട്ട്സ് വകുപ്പുകളിലെ നിയമനം</u>

1425

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നോർക്ക - റൂട്ട്സ് വകുപ്പുകളിൽ എത്ര പുതിയ നിയമനങ്ങൾ നടത്തിയെന്നും, എത്ര പേരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചുവെന്നും വ്യക്തമാക്കുമോ?